# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1863 — 22/03/2012 ൽ മറുപടിക്ക്

## പി.എസ്.സി. നടത്തുന്ന ഡിപ്പാർട്ട്മെന്റൽ പരീക്ഷ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ.ജെയിംസ് മാത്യൂ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പി.എസ്.സി. നടത്തുന്ന ഡിപ്പാർട്ട്മെന്റൽ പരീക്ഷയ്ക്ക് പുസ്തകങ്ങൾ അനുവദിക്കുന്നതിന്റെ മാനദണ്ഡം എന്താണ്; | (എ) സർക്കാർ നിർദ്ദേശിക്കുന്ന പുസ്തകങ്ങൾ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റൽ പരീക്ഷയുടെ സിലബസിൽ ഉൾപ്പെട്ടിട്ടുള്ളതാണെങ്കിൽ ടി പുസ്തകം 'റഫറൻസ് പുസ്തകമായി' ബന്ധപ്പെട്ട വകുപ്പുതല പരീക്ഷയ്ക്ക് ഉപയോഗിക്കുവാൻ കമ്മീഷൻ അനുമതി നല്കുന്നു. |
| (ബി) കെ.എസ്.ആർ. പാർട്ട് 1,2,3 എന്നിവ ഏതു ദിവസം വരെയുള്ള ഉത്തരവുകൾ ഉൾപ്പെടുത്തിക്കൊണ്ടാണ് പുസ്തകമായി ഏറ്റവും അവസാനം പ്രസിദ്ധീകരിച്ചത്; | (ബി) 11.02.2008 വരെയുള്ള ഭേദഗതി ഉത്തരവുകൾ ഉൾപ്പെടുത്തിക്കൊണ്ടാണ് കേരള സർവ്വീസ് റൂൾസ് ഭാഗം 1& 2 ഉൾപ്പെടുന്ന കെ.എസ്.ആർ.വാല്യം 1-ന്റെ 7-മത് പതിപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.<br>31.01.2006 വരെയുള്ള ഭേദഗതി ഉത്തരവുകൾ ഉൾപ്പെടുത്തിക്കൊണ്ടാണ് കെ.എസ്.ആർ ഭാഗം 3 ഉൾപ്പെടുന്ന വാല്യം 2-ന്റെ 5-ാമത് പതിപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. |
| (സി) 2009-ലെ ശമ്പള പരിഷ്കരണ ഉത്തരവ് ഉൾപ്പെടുത്തിക്കൊണ്ട് വാല്യം പ്രസിദ്ധീകരിച്ചിട്ടുണ്ടോ; | (സി) ശമ്പള പരിഷ്കരണ ഉത്തരവുകൾ സ്റ്റാറ്റ്യൂട്ടറി അല്ലാത്തതിനാൽ കേരള സർവ്വീസ് റൂൾസ് ചട്ടങ്ങളിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിക്കേണ്ട ആവശ്യമില്ല. |
| (ഡി) ഇല്ലെങ്കിൽ പരീക്ഷാർത്ഥികൾ ഏത് പുസ്തകത്തെ അടിസ്ഥാനമാക്കിയാണ് പരീക്ഷ എഴുതേണ്ടതെന്ന് വ്യക്തമാക്കുമോ; | (ഡി)+ (ഇ) 11.02.2008 വരെയുള്ള ഭേദഗതി ഉത്തരവുകൾ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ച കേരള സർവ്വീസ് ചട്ടങ്ങളുടെ 7-ാം പതിപ്പ് അടിസ്ഥാനമാക്കിയാണ് പരീക്ഷ എഴുതേണ്ടത്. |
| (ഇ) ഇത്തരം സാഹചര്യത്തിൽ സർക്കാർ ഉത്തരവുകൾ ഉപയോഗിക്കുന്നതിന് എന്തു നടപടി സ്വീകരിക്കും; | |

(എഫ്) പൊതു വിദ്യാലയത്തിലും നിത്യ ജീവിതത്തിലും സർവ്വസാധാരണമായ കാൽക്കുലേറ്ററുകൾ പരീക്ഷാ ഹാളിൽ ഉപയോഗിക്കാൻ അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

(എഫ്) പരീക്ഷാ ഹാളിൽ കൃത്രിമം നടത്താൻ സാധ്യതയുള്ളതിനാൽ കാൽക്കുലേറ്റർ ഉപയോഗിക്കാൻ അനുവദിക്കുന്നതല്ല.

സെക്ഷൻ ഓഫീസർ